(ബി) തുടർ വിദ്യാഭ്യാസ പദ്ധതിയുടെ മൂന്നാമത്തെ പദ്ധതി വർഷത്തിനു ശേഷം കേന്ദ്രവിഹിതത്തിൽ സംഭവിക്കുന്ന കുറവ് പരിഹരിക്കുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം സാക്ഷരതാമിഷന് നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ;

(സി) പ്രേരക്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പി.എസ്.സി. മുഖേന സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന പ്രേരക്മാർക്ക് അവർ തുടർ വിദ്യാഭ്യാസ രംഗത്ത് ജോലി ചെയ്തിരുന്ന കാലയളവ് അടിസ്ഥാനമാക്കി പ്രായപരിധിയിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) സാക്ഷരതാമിഷനിൽ ഒഴിവു വരുന്ന തസ്തികകളിൽ നിയമനം നടത്തുമ്പോൾ പ്രേരക്മാർക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സാക്ഷരതാമിഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാമത്തെ പദ്ധതി വർഷത്തിനുശേഷം കേന്ദ്ര വിഹിതത്തിൽ സംഭവിക്കുന്ന കുറവ് പരിഹരിക്കുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം സാക്ഷരതാമിഷന് നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന നിർദ്ദേശം ആസൂത്രണ-ധനകാര്യ വകുപ്പുകളുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

(സി)—(ഇ) പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നത് ദേശീയ സാക്ഷരതാമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് സംസ്ഥാന സാക്ഷരതാമിഷന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. പ്രേരക്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിവേദനങ്ങൾ സാക്ഷരതാമിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനം

116 [699] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/574/2012—20

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സ്വകാര്യ പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ എഞ്ചിനീയറിംഗ് കോഴ്സിന് മാനേജ്മെന്റ് കോട്ട യിലേക്ക് പ്രവേശന പരീക്ഷ നടത്തുകയുണ്ടായോ;

(ബി) എഞ്ചിനീയറിംഗ് കോഴ്സിന് മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം ലഭിക്കുന്നതിനായി മൊത്തം എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി; ഓരോ കോളേജിന്റെയും അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) ഈ അപേക്ഷകരിൽ ഓരോ കോളേജിലും എത്ര പേർക്ക് പ്രവേശനം നൽകുകയുണ്ടായി;

(ഡി) പ്രവേശന പരീക്ഷ നടത്തിയ ഏജൻസി ഏതായിരുന്നു;

(ഇ) സർക്കാർ തീരുമാനിച്ചതിലധികം തുക ഏതെങ്കിലും മാനേജ്മെന്റ് വിദ്യാർത്ഥികളിൽ നിന്നും അധികമായി ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 28 കോളേജുകളടങ്ങിയ ഒരു കൺസോർഷ്യം 26-6-2005-ന് പരീക്ഷ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)—(ഇ) മാനേജ്മെന്റ് സീറ്റ് പ്രവേശനം എൻട്രൻസ് പരീക്ഷാ കമ്മീഷണ റുടെ ഓഫീസ് മുഖേനയല്ല നടത്തുന്നത്. ആയതിനാൽ ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ പുരോഗതി

117 [700] *ശ്രീ. വി. കെ. സി. മമ്മത്കോയ:*

,, *രാജു എബ്രഹാം:*

,, *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം നടപ്പിലാക്കിയ ഗ്രേഡിംഗിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഗ്രേഡിംഗ് സംബന്ധിച്ച് ക്വാളിറ്റി ഇംപ്രൂവ്മെന്റ് കമ്മിറ്റി യോഗം എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്;

(ഡി) ഈ തീരുമാനങ്ങൾ എന്നുമുതൽ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly